കൊച്ചി വാട്ടർ സപ്ലൈ സ്കീം, പലകപാണ്ടി പദ്ധതി എന്നിവ സംബന്ധിച്ച അന്വേഷണങ്ങൾ

61 [518] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ സപ്ലൈ സ്കീമിനെ സംബന്ധിച്ചും പലകപാണ്ടി പദ്ധതിയെ സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) കൊച്ചി വാട്ടർ സപ്ലൈ സ്കീമിനെ സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്തകളും ബോർഡ് മീറ്റിംഗിൽ ഉണ്ടായ അഭിപ്രായങ്ങളും പരിഗണിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പലകപാണ്ടി പദ്ധതിയുടെ ടെണ്ടർ ഡോക്യുമെന്റ്സ് തിരുത്തിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിൻമേൽ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ബി) ഉണ്ട്.

(സി) ടെണ്ടർ ഡോക്യുമെന്റ് തിരുത്തിയത് സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയത്തിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. പൂർത്തിയായാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളു.

കോഴിക്കോട് ജില്ലയിലെ കേരള വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ

62 [519] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നൻമണ്ട, അത്തോളി, ബാലുശ്ശേരി, ഉള്ളിയേരി, പനങ്ങാട് പഞ്ചായത്തുകളിൽ ഓരോന്നിലും എത്രവീതം വാട്ടർ ടാപ്പുകൾ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുണ്ട്.

(ബി) ഈ പഞ്ചായത്തുകളിൽ ആകെ എത്ര ശുദ്ധജല വിതരണ പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) പഞ്ചായത്തുകൾ തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എലത്തൂർ പഞ്ചായത്തിൽ 296-ഉം തലക്കുളത്തൂർ പഞ്ചായത്തിൽ 143-ഉം അത്തോളി പഞ്ചായത്തിൽ 37-ഉം വാട്ടർ ടാപ്പുകൾ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുണ്ട്. നൻമണ്ട, ബാലുശ്ശേരി, ഉള്ളിയേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

(ബി ആന്റ് സി) ഈ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് താഴെ പറയുന്നു:

1. എലത്തൂർ പഞ്ചായത്ത്

(എ) ടി. ഡബ്ല്യൂ. എസ്. എസ്., എലത്തൂർ-ചെട്ടിക്കുളം.

(ബി) എ.ആർ.ഡബ്ല്യൂ.എസ്.എസ്., എലത്തൂർ.

2. തലക്കുളത്തൂർ പഞ്ചായത്ത്

(എ) ആർ. ഡബ്ല്യൂ. എസ്. എസ്., തലക്കുളത്തൂർ.

3. അത്തോളി പഞ്ചായത്ത്

(എ) അത്തോളി ശുദ്ധജല വിതരണ പദ്ധതി

(ബി) പുള്ളിലാവുമല ശുദ്ധജല വിതരണ പദ്ധതി

4. നൻമണ്ട
5. ബാലുശ്ശേരി
6. ഉള്ളിയേരി
7. പനങ്ങാട്

എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറി.

കടങ്ങോട് ശുദ്ധജല പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി

63 [520] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി, ചേലക്കര നിയോജകമണ്ഡലങ്ങളിലെ 5 പഞ്ചായത്തുകൾക്ക് ഗുണപ്രദമായ കടങ്ങോട് ശുദ്ധജല പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ ;

(ബി) ടി പദ്ധതിയുടെ പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ ;

(സി) കൊണ്ടയൂരിൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ഭാരതപ്പുഴയിൽ തടയണയുടെ നിർമ്മാണം തുടങ്ങുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) തടയണ നിർമ്മാണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2006 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly